LIBRARY ARCHIVES Kerala Legislative Assembly

പാലിന്റെ ഗുണനിലവാര പരിശോധന

61 (T 1429) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്ര ലിറ്റർ പാൽ എത്തുന്നുണ്ടെന്നും ഇവയിൽ മായംചേർക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) FSSA 2006, 2010 ആഗസ്റ്റ് 5 മുതൽ സംസ്ഥാനത്ത് നിലവിൽ വന്നതോടുകൂടി പാൽ ഗുണനിലവാര പരിശോധനയും പരിശോധനാ റിപ്പോർട്ടുകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനുള്ള അധികാരവും ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ക്ഷീരവികസനവകുപ്പിൽ ജില്ലകൾതോറും ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഓരോ ജില്ലയിലും വിതരണം നടത്തുന്ന മാർക്കറ്റ് മിൽക്ക് പാൽ സാമ്പിൾ ശേഖരിച്ച് ക്വാളിറ്റി കൺട്രോൾ ലാബിൽ പരിശോധന നടത്തുകയും ഇപ്രകാരം ജില്ലകളിൽനിന്നും ലഭിക്കുന്ന റിപ്പോർട്ട് ക്രോഡീകരിച്ച് തുടർ നടപടികൾക്കായി ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകി വരികയും ചെയ്യുന്നു. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പാൽ പരിശോധനാ സംവിധാനം ലഭ്യമാണ്.

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ ക്ഷീരവികസന വകുപ്പിൽ സ്ഥിരം സംവിധാനങ്ങൾ ഒന്നും തന്നെയില്ല. അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നതുൾപ്പെടെ സംസ്ഥാനത്തെ വിപണികളിൽ ലഭ്യമായിട്ടുള്ള ബ്രാന്റുകളുടെ സാമ്പിളുകൾ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഉദ്യോഗസ്ഥന്മാർ ശേഖരിച്ച് ക്വാളിറ്റി കൺട്രോൾ

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ലാബിൽ പരിശോധന നടത്തുകയും റിപ്പോർട്ട് അനന്തര നടപടികൾക്കായി ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകിവരികയും ചെയ്യുന്നു. മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ ക്വാളിറ്റി കൺട്രോൾ ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് സംസ്കരിച്ച് വിതരണം നടത്തുന്നത്.

(സി) സംസ്ഥാനത്തിന് വെളിയിൽനിന്നും ശരാശരി 2 ലക്ഷം ലിറ്റർ മുതൽ 3 ലക്ഷം ലിറ്റർ വരെ പാൽ പ്രതിദിനം മിൽമ ഡയറിയിലുൾപ്പെടെ ശേഖരിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന പാൽ ക്വാളിറ്റി കൺട്രോൾ ലാബിൽ പരിശോധന നടത്തിയതിനുശേഷം മാത്രമാണ് സംസ്കരിച്ച് വിതരണം നടത്തുന്നത്.

സംസ്ഥാനത്തെ പാലുൽപ്പാദനം

62 (1430) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഒരു ലിറ്റർ പാലിന് വില എത്രയായിരുന്നുവെന്നും നിലവിൽ എത്രയാണെന്നും എത്ര ശതമാനം വർദ്ധനവുണ്ടായിട്ടുണ്ടെന്നും വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പാലുല്പാദനം എത്ര ലിറ്റർ ആയിരുന്നു ; നിലവിൽ എത്ര ; ഓരോ വർഷവും സംസ്ഥാന സഹകരണ മേഖലാ ഡയറികൾ പ്രവർത്തനങ്ങൾക്കായി അന്യസംസ്ഥാനങ്ങളിൽനിന്നും എത്ര ലിറ്റർ പാൽ വാങ്ങുന്നു ; ഏതെല്ലാം സംസ്ഥാനങ്ങളിൽനിന്നും എത്ര ലിറ്റർ വീതം എന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പാലുല്പാദനത്തിനും വിതരണത്തിനുമായി ഏതെല്ലാം സർക്കാർ ഏജൻസികൾ, സഹകരണ സ്ഥാപനങ്ങൾ, മറ്റുസംസ്ഥാന ഏജൻസികൾ ഉണ്ടെന്നും ഇവർ ഓരോരുത്തർക്കും എത്ര അളവുവീതം വിതരണം ചെയ്യുന്നു എന്നും വ്യക്തമാക്കുമോ ;

(ഡി) പാൽ സർക്കാർ തലത്തിൽ വിതരണം ചെയ്യുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly